**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽവേ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽവേ പാതയ്ക്കായി എന്തെല്ലാം പ്രാഥമിക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. DPR ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതിയ്ക്കാവശ്യമായ പാരിസ്ഥിതികാനുമതിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളായ പ്രധാൻ മന്ത്രി ഗതിശക്തി, Scheme for Special Assistance to States for Capital Investment, സാഗർമാല, റെയിൽ സാഗർ തുടങ്ങിയവയിലൂടെ പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ കൊങ്കൺ റെയിൽവേ സ്വീകരിച്ചു വരുന്നു.<br><br>വിഴിഞ്ഞം തുറമുഖത്തിലേക്കുള്ള റെയിൽപ്പാത യാഥാർത്ഥ്യമാകുന്നതുവരെ താത്ക്കാലികമായി ഇന്ത്യൻ റെയിൽവേ നെറ്റ് വർക്കിൽ കണ്ടെയ്നറുകൾ സമീപത്തുള്ള ഒരു റെയിൽവേ സ്റ്റേഷനിൽ എത്തിച്ച് തുറമുഖത്തേക്ക് റോഡ് മുഖാന്തിരം നീക്കുന്നതിന് താത്ക്കാലിക സംവിധാനം എന്ന നിലയിൽ ഒരു കണ്ടെയ്നർ റെയിൽ ടെർമിനൽ (CRT) തിരുവനന്തപുരത്ത് നിലവിലെ റെയിൽ പാതയിൽ സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ ദക്ഷിണ റെയിൽവെയുമായി നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ രൂപരേഖയും നിർമ്മാണത്തിനാവശ്യമായ തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മി ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ടി |

| | | | |
|---|---|---|---|
| | | | പാതയുടെ 9.02 കി.മി ദൂരവും ടണലിലൂടെയാണ് കടന്നു പോകുന്നത്. ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ വില്ലേജുകളിൽപ്പെട്ട 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്ക് 1482 .92 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് തിരുവനന്തപുരം (വിസിൽ) നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം പ്രവർത്തികളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | DPR തയ്യാറാക്കുന്നതിന് കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി. തുരങ്ക നിർമാണത്തിനു ദക്ഷിണ റെയിൽവേയിൽ നിന്നും DPR നും കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിൽ നിന്നും പാരിസ്ഥിതികാനുമതിയും ലഭിച്ചിട്ടുണ്ട്. പോർട്ടിൽ നിന്നും ദക്ഷിണ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന പദ്ധതിയുടെ NGR എഗ്രിമെന്റ് റെയിൽവേയുമായി ഒപ്പുവയ്ക്കുകയും 5.526 ഹെക്ടർ സ്ഥലമെടുപ്പിനാവശ്യ മായ 193 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വിപുലീകരണവും അനുബന്ധ ഘടകങ്ങളുടെ നിർമ്മാണവും ദക്ഷിണ റെയിൽവേ ഏറ്റെടുത്ത് നിർമ്മിക്കുന്നു. ഇതിനാവശ്യമായ 243.08 കോടി രൂപ ദക്ഷിണ റെയിൽവേയ്ക്ക് കൈമാറി. കൂടാതെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനായി കൊങ്കൺ റെയിൽവേയ്ക്ക് നൽകേണ്ട അഡ്വാൻസ് തുകയായ 96.1 കോടി രൂപ കൊങ്കൺ റെയിൽവേയ്ക്ക് കൈമാറി. |
| (ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ( എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) ടെൻഡർ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ടെൻഡർ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചു വരുന്നു. ഇതിനകം സമിതി മൂന്നു തവണ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്നും പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ഇ) | ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി 193 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ